**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **31-08-2022 - ൽ മറുപടിയ്ക്ക്**

**എൻ.ഐ.ആർ.എഫ്. റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021 ലെയും 2022 ലെയും എൻ.ഐ.ആർ.എഫ്. റാങ്കിങ്ങുകളിൽ സംസ്ഥാനത്തെ ഓരോ സർവകലാശാലയുടെയും സ്ഥാനം എത്രയെന്ന വ്യക്തമാക്കാമോ; | (എ) | എൻ.ഐ.ആർ.എഫ്. റാങ്കിംഗുകളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള സർവകലാശാലകളുടെ സ്ഥാനം ചുവടെ ചേർത്തിരിക്കുന്നു:<br>**2021**<br>കേരള സർവകലാശാല – 27<br>മഹാത്മാഗാന്ധി സർവകലാശാല – 31<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല – 44<br>കാലിക്കറ്റ് സർവകലാശാല – 60<br>**2022**<br>മഹാത്മാഗാന്ധി സർവകലാശാല – 30<br>കേരള സർവകലാശാല – 40<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല – 41<br>കാലിക്കറ്റ് സർവകലാശാല – 69 |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകൾ മുൻ വർഷത്തെ അപേക്ഷിച്ച് റാങ്കിങ്ങിൽ പിന്നോക്കം പോയി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിലയിരുത്തുകയുണ്ടായോ; പരിഹാരമാർഗങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ബി) | മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ റാങ്കിംഗ് മെച്ചപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗും അക്രഡിറ്റേഷനും മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിൻറെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻററും (SAAC) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കും (KIRF) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സർവകലാശാലകളുടെ റാങ്കിംഗ് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെപ്പറയുന്നു :<br><br>1. പുത്തൻ തലമുറ കോഴ്സുകൾ ആരംഭിച്ചു.<br>2. അദ്ധ്യാപക തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ചു.<br>3. അനുഭവ സമ്പത്തും പി.എച്ച്.ഡി യോഗ്യതയുമുള്ള അധ്യാപകരുടെ വർദ്ധനവ്<br>4. സർവ്വകലാശാലകൾക്ക് വർദ്ധിച്ച ധനസഹായം (പ്ലാൻ ആൻറ് നോൺ പ്ലാൻ)<br>5. സർവ്വകലാശാലകൾക്ക് ഇ-ജേർണൽ കൺസോർഷ്യം.<br>6. ഐ.പി.ആർ/പേറ്റൻറുകൾക്ക് പ്രോത്സാഹനം.<br>7. കൂടുതൽ പ്രോജക്ടുകൾ, ട്രാൻസിലേഷണൽ റിസർച്ചിന് കൂടുതൽ ധനസഹായം.<br>8. സർവ്വകലാശാലകളിൽ സെൻറർ ഓഫ് എക്സലൻസുകൾ<br>9. സർവ്വകലാശാലകൾക്ക് അക്കാദമിക്/ പരീക്ഷ കലണ്ടറുകൾ<br>10. വർദ്ധിച്ച ഗവേഷണ സൗകര്യങ്ങൾ<br>11. വനിതകൾ, സാമൂഹ്യ-സാമ്പത്തിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ ഇവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ. |

സെക്ഷൻ ഓഫീസർ